# കേരള കാർഷിക സർവ്വകലാശാല
# അന്താരാഷ്ട്ര പുഷ്പമേള

കൃഷി വകുപ്പ്
കേരള സർക്കാർ

പൂപ്പൊലി 2025
മാലിന്യ മുക്തമായി, നാടിന് മാതൃകയായി...

# പൂപ്പൊലി 2025

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
## അമ്പലവയൽ, വയനാട്

**2025 ജനുവരി 1 മുതൽ 15 വരെ**

സഞ്ചാരികളുടെ പറുദീസയായ വയനാട്ടിൽ പൂക്കളുടെ വർണ്ണപ്പൊലിമയുമായി ഒരു പൂപ്പൊലിക്കാലം കൂടി വരവായി. കേരള കാർഷിക സർവകലാശാലയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും ചേർന്നൊരുക്കുന്ന ദൃശ്യവിരുന്ന് **പൂപ്പൊലി 2025**, അന്താരാഷ്ട്ര പുഷ്പമേള ജനുവരി 1 മുതൽ 15 വരെ പൂക്കളുടെ പുത്തൻ വർണങ്ങളുമായി അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ആരംഭിക്കുകയാണ്. ഈ പുഷ്പോത്സവത്തിന്റെ 9-ാം പതിപ്പ് വയനാട്ടിലെ ജനതയുടെ സാംസ്കാരിക തനിമയെ പ്രകടമാക്കുന്ന തരത്തിൽ ഓരോ കാഴ്ചക്കാരുടെയും മനസിന് കുളിർമയേകുന്ന നയനമനോഹരമായ അനുഭവമായി മാറ്റുവാൻ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. വൈവിധ്യമാർന്ന അലങ്കാര വർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. പെറ്റൂണിയ, ഫ്ളോക്സ്, പാൻസി, ഡാലിയ, ചൈന ആസ്റ്റർ, മാരിഗോൾഡ്, ടോറീനിയ, കോസ്മോസ്, ഡയാന്തസ്, സാൽവിയ, ജമന്തി, അലൈസം, കാൻഡിടഫ്റ്റ്, ബ്രാക്കിക്കോം, കാലൻഡുല, പൈറോസ്റ്റീജിയ തുടങ്ങി നിരവധി പുഷ്പങ്ങളും കാലീഷ്യ, സെബ്രിന, റിയോ, ഡ്രസീന, സെടം മുതലായ ഇലച്ചെടികളും പൂപ്പൊലി ഉദ്യാനത്തിന്റെ മാറ്റ് കൂട്ടുന്നു. കൂടാതെ ഫ്ളോറൽ ക്ലോക്ക്, മലയുടെ രൂപം, മയിൽ, കുതിര തുടങ്ങിയ സൃഷ്ടികളും ഫ്ളോട്ടിങ് ഗാർഡൻ, റോസ് ഗാർഡൻ, മെലസ്റ്റോമ ഗാർഡൻ, കുട്ടികൾക്ക് വിനോദത്തിനായി ചിൽഡ്രൻസ് പാർക്ക്, വിവിധതരം റൈഡുകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹൈറേഞ്ചിലെ കാർഷിക മേഖലയിലെ ആനുകാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ നയിക്കുന്ന ശില്പശാലകളും, കർഷകർക്ക് വേണ്ടിയുള്ള സെമിനാറുകളും, കാർഷിക ക്ലിനിക്കുകളും ഈ വർഷത്തെ പുഷ്പമേളയുടെ പ്രധാന ആകർഷണങ്ങളാണ്. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെയും, മികച്ചയിനം നടീൽ വസ്തുക്കളുടെയും, കാർഷിക ഉൽപ്പന്നങ്ങളുടെയും പ്രദർശനവിപണന മേളയും ഉണ്ടായിരിക്കുന്നതാണ്. പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ടു ദുരിതമനുഭവിക്കുന്ന വയനാടൻ ജനതയുടെ തിരിച്ചു വരവിന് പ്രചോദനമാകുന്ന രീതിയിലാണ് ഈ വർഷത്തെ പൂപ്പൊലി സംഘാടനം. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പ്രമുഖ കർഷകർ, കർഷക കൂട്ടായ്മകൾ എന്നിവരുടെ നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ട്. കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും. വയനാടിന്റെ ഈ മനോഹര മഹാമേളയിലേക്ക് എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു!

സംഘാടക സമിതിക്കു വേണ്ടി

| ചെയർമാൻ | മുഖ്യരക്ഷാധികാരി | കൺവീനർ |
|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പി. പ്രസാദ് | ഡോ. സി. കെ. യാമിനി വർമ്മ |
| ( ബഹു. സുൽത്താൻ ബത്തേരി എം.എൽ.എ ) | (ബഹു. കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി & പ്രൊ. ചാൻസലർ, കേരള കാർഷിക സർവ്വകലാശാല) | ( അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് & ഡീൻ ) |

DIVINE 220319